"ഭരണഭാഷ – മാതൃഭാഷ"

നം: എച്ച് (2)/27839/17/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 25/04/2017

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ലഭിക്കാനുള്ള കുട്ടികളുടെ അവകാശ നിയമം 2009- പ്രഥമാധ്യാപകരെ ക്ലാസ് ചാർജിൽ നിന്ന് ഒഴിവാക്കി പകരം നിയമനം നടത്തുന്നതു സംബന്ധിച്ച്

സൂചന:- (1) പൊതുവിദ്യാഭ്യാസ വകുപ്പു സെക്രട്ടറിയുടെ 07/04/2017 ലെ അർദ്ധ ഔദ്യോഗിക കത്ത് നമ്പർ.ഇ/1360928/ഡി/2017/ പൊ.വി.വ

(2) 04/08/2016 ലെ സ.ഉ (സാധാ) നമ്പർ 2539/2016/പൊ.വി.വ

2017-18 അധ്യയനവർഷാരംഭത്തിൽ തന്നെ നടപ്പാക്കേണ്ട ഒരു പ്രധാന കാര്യത്തെക്കുറിച്ച് അറിയിക്കാനാണ് ഈ കത്ത്. പ്രഥമാധ്യാപകയോഗം വിളിച്ചു ചേർത്ത് ഈ കത്തിലെ വിവരങ്ങൾ അടിയന്തര പ്രധാന്യത്തോടെ വിശദീകരിക്കാനും നിർദേശങ്ങൾ നടപ്പാക്കാനും താങ്കൾ അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്.

1) എൽ.പി സ്കൂളിൽ 150 ൽ കൂടുതലും യു.പി സ്കൂളിൽ 100 ൽ കൂടുതലും കുട്ടികൾ ഉണ്ടെങ്കിൽ അത്തരം വിദ്യാലയങ്ങളിലെ പ്രഥമാധ്യാപകരെ ക്ലാസ്സ് ചാർജിൽ നിന്ന് ഒഴിവാക്കണമെന്ന് "സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള കുട്ടികളുടെ അവകാശ നിയമം 2009" നിഷ്കർഷിക്കുന്നുണ്ട്. കേരള വിദ്യാഭ്യാസ ചട്ടം അധ്യായം XXIII ലെ 1 (b) (iii), 5 (iv) എന്നീ ചട്ടങ്ങളിൽ ഇത് കൂടുതൽ വിശദമാക്കുന്നുണ്ട്. ഇതനുസരിച്ച് എൽ.പി സ്കൂളുകളിൽ I മുതൽ IV വരെയോ I മുതൽ V വരെയോ ക്ലാസുകളിൽ 150 ൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ പ്രഥമാധ്യാപകനെ ക്ലാസ് ചാർജിൽ

നിന്ന് ഒഴിവാക്കാം. V മുതൽ VII വരെ ക്ലാസുകൾ ഉള്ള യു.പി സ്കൂളുകളിൽ 100 ൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ പ്രഥമാധ്യാപകനെ ക്ലാസ് ചാർജിൽ നിന്ന് ഒഴിവാക്കാം. I മുതൽ VII വരെ ക്ലാസുകളുള്ള യു.പി സ്കൂളുകളുടെ കാര്യത്തിൽ അവിടെ ഒന്നുകിൽ I മുതൽ V വരെ ക്ലാസുകളിൽ 150 ൽ കൂടുതലോ അല്ലെങ്കിൽ V മുതൽ VII വരെ ക്ലാസുകളിൽ 100 ൽ കൂടുതലോ കുട്ടികൾ ഉണ്ടെങ്കിൽ പ്രഥമാധ്യാപകനെ ക്ലാസ് ചാർജിൽ നിന്ന് ഒഴിവാക്കാം.

2) 2017-18 വർഷം ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ UID റോൾ സ്ട്രങ്ക്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ അർഹതയുള്ള മുഴുവൻ സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലും പ്രഥമാധ്യാപകരെ ക്ലാസ് ചുമതലയിൽ നിന്ന് ഒഴിവാക്കാനും പകരം താൽക്കാലിക/സംരക്ഷിതാധ്യാപകരുടെ നിയമനം നടത്താനുമുള്ള നടപടികൾ ഏഴാം സാധ്യായ ദിനത്തിൽ തന്നെ പൂർത്തിയാക്കണം. നിർദിഷ്ട എണ്ണം കുട്ടികൾ വർഷാരംഭദിനത്തിൽ തന്നെ ലഭ്യമാണെങ്കിൽ സ്കൂൾ തുറക്കുന്ന തീയതിയിൽ തന്നെ ടി. നിയമനങ്ങൾ നടത്താനുള്ള മുന്നൊരുക്കങ്ങൾ നടത്തണം.

3) കേരള വിദ്യാഭ്യാസ ചട്ടം, അധ്യായം XXI, റൂൾ 7 (1) പ്രകാരം എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ പ്രഥമാധ്യാപകരെ ക്ലാസ് ചുമതലയിൽ നിന്ന് ഒഴിവാക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകളിൽ സംരക്ഷിതാധ്യാപകരെയാണ് നിയമിക്കേണ്ടത്. ഈ കെ.ഇ.ആർ ഭേദഗതി ചോദ്യം ചെയ്തു കൊണ്ടുള്ള നിരവധി റിട്ട് പെറ്റീഷനുകൾ ഇപ്പോൾ ബഹു: ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ അതിന്റെ അന്തിമ വിധിക്കനുസൃതമായി വേണം സംരക്ഷിതാധ്യാപകരെ ഇത്തരം ഒഴിവുകളിൽ പുനർവിന്യസിക്കേണ്ടത്. എന്നാൽ ഏതെങ്കിലും മാനേജർമാർ രേഖാമൂലം ആവശ്യപ്പെട്ടാൽ പ്രസ്തുത സ്കൂളിലേക്ക് സംരക്ഷിതാധ്യാപകനെ നൽകാൻ വിദ്യാഭ്യാസ ഓഫീസർമാർ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. (നിലവിൽ ഈ ഒഴിവുകളിൽ പുനർവിന്യസിക്കപ്പെട്ട വരെയും തുടരാൻ അനുവദിക്കണം).

4) നിർദിഷ്ട എണ്ണം കുട്ടികളുള്ള ഗവൺമെന്റ് പ്രൈമറി സ്കൂളുകളിലെ പ്രഥമാധ്യാപകരെ ക്ലാസ് ചുമതലയിൽ നിന്ന് ഒഴിവാക്കുന്നതു മൂലം ഉണ്ടാകുന്ന ഒഴിവുകളിൽ ദിനവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപകരെയാണ് നിയമിക്കേണ്ടത്. ദിനവേതനാടിസ്ഥാനത്തിൽ

താൽക്കാലിക നിയമനം നടത്തുന്നതിന് നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങളെല്ലാം പാലിച്ചുവേണം ഈ നിയമനങ്ങൾ നടത്തേണ്ടത് എന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു. സൂചന (2) ലെ ഉത്തരവിൽ നിർദേശിക്കുന്ന നിരക്കിൽ ഇവർക്ക് വേതനം നൽകേണ്ടതാണ്. എം.എച്ച്.ആർ.ഡി യിൽ നിന്നുള്ള ധനസഹായം കൊണ്ട് വേതനം നൽകുന്നതായതിനാൽ സ്ഥിരനിയമനത്തിനായോ സ്ഥലം മാറ്റത്തിനായോ വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഈ ഒഴിവുകളെ പരിഗണിക്കരുത്.

5) ഓരോ മാസവും ഈ ഇനത്തിൽ ചെലവാകുന്ന തുകയുടെ വിശദാംശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന മാതൃകാ ഫോറത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും (അവരുടെ അധീനതയിൽ സ്വതന്ത്ര എൽ.പി/യു.പി സ്കൂളുകൾ ഉണ്ടെങ്കിൽ) ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് (എയ്ഡഡ്, ഗവൺമെന്റ് സ്കൂൾ വേർതിരിച്ച്) അടുത്തമാസം 10-ാം തീയതിക്കുമുമ്പ് സമർപ്പിക്കേണ്ടതാണ്. വിദ്യാഭ്യാസ ഉപഡയറക്ടർമാർ അവർക്ക് മാസംതോറും ലഭിക്കുന്ന ഈ വിവരങ്ങൾ ക്രോഡീകരിച്ച് (എയ്ഡഡ്, ഗവൺമെന്റ് സ്കൂൾ വേർതിരിച്ച്) സൂക്ഷിക്കേണ്ടതും ഡയറക്ടറേറ്റിൽ നിന്ന് ആവശ്യപ്പെടുന്ന മുറയ്ക്ക് സമർപ്പിക്കേണ്ടതുമാണ്. അതീവ ജാഗ്രതയോടെ, സമയബന്ധിതമായി നിർവഹിക്കേണ്ട ജോലിയായതിനാൽ ഈ ക്രോഡീകരണത്തിന് വിദ്യാഭ്യാസ ഉപഡയറക്ടർമാർ അവരുടെ ഓഫീസുകളിൽ യുക്തമായ സ്ഥിരം സാങ്കേതിക സംവിധാനം ഒരുക്കേണ്ടതാണ്.

പ്രഥമാധ്യാപകരെ ക്ലാസ് ചുമതലയിൽ നിന്നൊഴിവാക്കി പകരം നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ട് എം.എച്ച്.ആർ.ഡി യിൽ നിന്നും ലഭിക്കുന്ന ധനസഹായം മുഴുവൻ അതിനായിത്തന്നെ ചെലവഴിക്കണമെങ്കിൽ അർഹതയുള്ള മുഴുവൻ വിദ്യാലയങ്ങളിലും താൽക്കാലിക/സംരക്ഷിതാധ്യാപക നിയമനങ്ങൾ 2017-18 അധ്യയന വർഷാരംഭത്തിൽ തന്നെ നടത്തിയിരിക്കണം. ആയതിനാൽ ഒരു ദിവസം പോലും വൈകാതെ, അർഹതയുള്ള എല്ലാ വിദ്യാലയങ്ങളിലും പ്രസ്തുത നിയമനങ്ങൾ 2017-18 ലെ ഏഴാം സാധ്യായ ദിനത്തിനകം നടത്തിയിട്ടുണ്ട് എന്ന കാര്യം എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും ഉറപ്പുവരുത്തേണ്ടതാണ്. നിയമിക്കപ്പെടുന്നവരുടെ ലിസ്റ്റ് പ്രഥമാധ്യാപകരിൽ നിന്ന് വാങ്ങി ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ സൂക്ഷിക്കേണ്ടതാണ്.

എന്തെങ്കിലും കാരണത്താൽ ഏതെങ്കിലും സ്കൂളിൽ ടി നിയമനം നടക്കാതെ വന്നാലോ, കാലതാമസം വന്നാലോ ഉണ്ടാകുന്ന നഷ്ടത്തിന്

ബന്ധപ്പെട്ട പ്രഥമാധ്യാപകരും വിദ്യാഭ്യാസ ഓഫീസറും വ്യക്തിപരമായിത്തന്നെ ഉത്തരവാദിത്തം വഹിക്കേണ്ടിവരും എന്ന വിവരവും അറിയിക്കുന്നു. പ്രൈമറി സ്കൂൾ പ്രഥമാധ്യാപകർക്കെല്ലാം ഈ കത്തിന്റെ പകർപ്പ് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ വിതരണം ചെയ്യേണ്ടതാണ്.

വിദ്യാഭ്യാസ സംരക്ഷണ യജ്ഞ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം വഹിച്ചുകൊണ്ട് തിളക്കമാർന്ന ഒരു അധ്യയന വർഷത്തിലേക്ക് പ്രവേശിക്കാൻ ആശംസിച്ചുകൊണ്ട്,

വിശ്വസ്തതയോടെ

**കെ.വി. മോഹൻകുമാർ.ഐ.എ.എസ്**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

ഉള്ളടക്കം: മാതൃകാ പ്രൊഫോർമ

പകർപ്പ്:

എല്ലാ സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂൾ പ്രഥമാധ്യാപകർക്കും
(വിദ്യാഭ്യാസ ഓഫീസർ മുഖാന്തരം)

## DETAILS OF SALARY PAID TO THE TEACHERS APPOINTED / DEPLOYED AGAINST HEAD TEACHER VACANCIES DURING 2017-18

**Name of Revenue District** **Name of Sub District** **Govt. / Aided**

| Sl. No | Name of School | Classes (From-To) | Total Strength of pupil (2017-18) | Name and designation of the teacher appointed against Head Teacher Vacancy | Whether Protected / Excess Teacher or Daily Wages appointment (P | Amount paid to the teacher as salary and allowances for the period from June 2017 to May 2018 | | | | | | | | | | | | TOTAL |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | June | July | August | September | October | November | December | January | Fedruary | March | April | May | |
| | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | |
| **TOTAL** | | | | | | | | | | | | | | | | | | |

Place

Date

**Signature of the AEO / DEO / DDE**